ഉത്തരം

(എ) വിദ്യാഭ്യാസ വകുപ്പ് വിലയിരുത്തിയിട്ടില്ല.

(ബി)യും (സി)യും സാങ്കേതിക വ്യാവസായിക രംഗങ്ങളിൽ ആഗോളതലത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ഗുണപരമായ മാറ്റങ്ങൾക്കനുസൃതമായി യൂണിവേഴ്സിറ്റി കരിക്കുലത്തിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തുന്നതു സംബന്ധിച്ച് ചാൻസലർമാർ, ഐ. ടി. രംഗത്തെ സാങ്കേതിക വിദഗ്ദ്ധർ, വിദ്യാഭ്യാസ വിചക്ഷണൻമാർ എന്നിവരുമായി ബഹു: മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുകയും പുതിയ വെല്ലുവിളികൾ നേരിടുന്നതിനും സാഹചര്യങ്ങൾക്കനുസരിച്ച് വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിനുമാവശ്യമായ കർമ്മപരിപാടികൾ ആവിഷ്കരിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. തദനുസൃതമായി തുടർനടപടികൾ പ്രാവർത്തികമാക്കുന്നതോടുകൂടി യുവാക്കൾക്ക് സാങ്കേതിക വ്യാവസായിക രംഗങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകുമെന്ന് സർക്കാർ പ്രത്യാശിക്കുന്നു.

നാദാപുരത്ത് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടി

150 [749] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരത്ത് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) അടുത്ത അദ്ധ്യയന വർഷം ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കത്തക്ക വിധത്തിൽ ഇതിന്റെ മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)യും (ബി)യും (സി)യും നാദാപുരത്ത് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സർക്കാർ പരിശോധിച്ച് വരുന്നു.

കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വിമൻസ് കോളേജിൽ പുതിയ കോഴ്സുകൾ

151 [750] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വിമൻസ് കോളേജിൽ അനുവദിച്ച പുതിയ കോഴ്സ് ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) യൂണിവേഴ്സിറ്റി ശുപാർശ ചെയ്ത കോഴ്സ് ഏതാണ് ?

ഉത്തരം

(എ) കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വിമൻസ് കോളേജിൽ ബി. എസ് സി. കെമിസ്ട്രി കോഴ്സാണ് പുതുതായി സർക്കാർ അനുവദിച്ചത്.

(ബി) ബി. എസ് സി. (കെമിസ്ട്രി), ബി.കോം., എം. എ. (ഇക്കണോമിക്സ്) എന്നീ കോഴ്സുകൾ യൂണിവേഴ്സിറ്റി ശുപാർശ ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly